**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2535** **12-10-2021 - ൽ മറുപടിയ്ക്ക്**

**പദ്ധതികൾ വിലയിരുത്താൻ ജില്ലാതല സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി മേഖലയിലെ പദ്ധതികൾ വിലയിരുത്താൻ ജില്ലാതല സമിതികൾ രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS ഉൾപ്പെടെയുള്ള കേന്ദ്ര വൈദ്യുത പദ്ധതികൾ നിരീക്ഷിക്കുന്നതിനും പ്രസ്തുത പദ്ധതികളിലൂടെ സാധാരണ പൗരന്മാർക്ക് ലഭ്യമാകുന്ന പ്രയോജനം വിലയിരുത്തുന്നതിനുമായി DEC (District Electricity Committee) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഇത്തരം പദ്ധതികൾ വിലയിരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര വൈദ്യുതി മേഖലയിലെ പദ്ധതികൾ വിലയിരുത്തുവാൻ ജില്ലാതല സമിതികളുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻകാല പദ്ധതികളായ DDUGJY, IPDS എന്നിവയുടെ പുരോഗതി വിലയിരുത്തുന്നതിനായി 01.04.2015-ലെ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ജില്ലാതല DEC (District Electricity Committee) രൂപീകരിച്ചിരുന്നു. എന്നാൽ 26.07.2016-ലെ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും രൂപീകരണം മുതൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി DISHA എന്ന കമ്മിറ്റി രൂപീകരിക്കുന്നതിനായി നിർദ്ദേശം ലഭിച്ചു. ആയതിൻപ്രകാരം DDUGJY & IPDS എന്നീ പദ്ധതികൾ, ജില്ലയിലെ ഏറ്റവും മുതിർന്ന കേന്ദ്ര പാർലമെൻറ് അംഗം ചെയർമാൻ ആയിട്ടുള്ള DISHA വിലയിരുത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവന്നിരുന്നു. DDUGJY & IPDS പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. |
| (സി) | കേന്ദ്ര പദ്ധതികൾ നിലവിൽ ഏത് ഏജൻസിയാണ് ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് വിശദീകരിക്കാമോ?? | (സി) | കേരളത്തിലെ പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് |

| | | | |
|---|---|---|---|
| | | | (Implementing Agency) KSEBL ആണ്. ഓരോ കേന്ദ്ര പദ്ധതിയും നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസികളെ നിയമിക്കാറുണ്ട്. കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികളായ – ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ (eg - DDUGJY) - REC യും, നഗര - പ്രാന്ത പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ (eg - IPDS) PFC Ltd മുഖേനെയും ആണ് നടപ്പിലാക്കിയിട്ടുള്ളത്. നഗര - ഗ്രാമ പ്രദേശ ഭേദമെന്യേ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള നൂതന പദ്ധതിയായ RDSS-ന്റെ കേരളത്തിനുള്ള നോഡൽ ഏജൻസി PFC Ltd. ആണ്. |

സെക്ഷൻ ഓഫീസർ